ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:05.01.2026**

## പ്രധാനവാർത്തകൾ

1. **നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കാൻ തീരുമാനമായതായി കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്.**

2. **കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ നാളെ കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. കോട്ടയം ഐ.ഐ.എം.സിയിൽ വിദ്യാർത്ഥികളുമായി സംവദിക്കും.**

3. **നെല്ല് സംഭരണ ചുമതല സഹകരണ സംഘങ്ങളെ ഏൽപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം.**

4. **ചികിത്സാപിഴവിനെ തുടർന്ന് പാലക്കാട് വലത് കൈ മുറിച്ച് മാറ്റേണ്ടി വന്ന പെൺകുട്ടിക്ക് പരിരക്ഷ ഉറപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.**

5. **തൊണ്ടി മുതൽ തിരിമറി കേസിൽ ആന്റണി രാജുവിനെ എം എൽ എ സ്ഥാനത്ത് നിന്ന് അയോഗ്യനാക്കി നിയമസഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനം പുറത്തിറക്കി.**

RNU TVPM

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് 246 റൺസ് വിജയലക്ഷ്യം.

---

## പ്രധാനമന്ത്രി -സോമനാഥ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് സന്ദർശിക്കും. സോമനാഥ് സ്വാഭിമാൻ പർവിൻ്റെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് സംഘടിപ്പിക്കുന്നത്. സോമനാഥ് ക്ഷേത്രത്തിന് നേരെയുണ്ടായ ആദ്യ ആക്രമണം ആയിരം വർഷം പിന്നിടുന്ന പശ്ചാത്തലത്തിലാണ് പരിപാടി.

---

## എൻ ഡി എഫ് ബി

നാഷണൽ ഫിഷറീസ് ഡെവലപ്മെൻ്റ് ബോർഡിൻ്റെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കാൻ തീരുമാനമായതായി കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഹൈദരാബാദിൽ നടന്ന NDFB യോഗത്തിൽ അറിയിച്ചു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ്റെ നിർദ്ദേശ പ്രകാരമാണ് തീരുമാനം.

RNUTVPM

---

## എൽ മുരുഗൻ

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും. കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഐ.ഐ.എം.സി കോട്ടയം സന്ദർശിക്കുന്ന ശ്രീ മുരുഗൻ വിദ്യാർത്ഥികളുമായി സംവദിക്കും. ഉച്ചയ്ക്ക് ശേഷം കെ പി എസ് മേനോൻ ഹാളിൽ സംഘടിപ്പിക്കുന്ന കേരളകൗമുദി പരിപാടിയിൽ പങ്കെടുത്ത ശേഷം കോയമ്പത്തൂരിലേക്ക് മടങ്ങും.

---

## നെല്ല് സംഭരണം(ഇൻട്രോ)

നെല്ല് സംഭരണ ചുമതല സഹകരണ സംഘങ്ങളെ ഏൽപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചു. ഇതിനായി ചീഫ്

സെക്രട്ടറിയേയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെയും ചുമതലപ്പെടുത്തി. വരുന്ന സീസണിൽ തന്നെ ഈ സംവിധാനം നിലവിൽ കൊണ്ടുവരാനാണ് തീരുമാനം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## വീണാ ജോർജ്

പാലക്കാട് ചികിത്സ പിഴവിനെ തുടർന്ന് വലത് കൈ മുറിച്ച് മാറ്റേണ്ടി വന്ന പെൺകുട്ടിക്ക് വനിത ശിശുവികസന വകുപ്പിന്റെ സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം പരിരക്ഷ ഉറപ്പാക്കാൻ ഉത്തരവിറക്കിയതായി മന്ത്രി വീണാ ജോർജ്. കുട്ടിക്ക് കൃത്രിമ കൈ വയ്ക്കുന്നതിനായി ബാല നിധിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. കുട്ടിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ആൻറണി രാജു

തൊണ്ടി മുതൽ തിരിമറി കേസിൽ ആന്റണി രാജുവിനെ എം എൽ എ സ്ഥാനത്ത് നിന്ന് അയോഗ്യനാക്കി. ഇത് സംബന്ധിച്ച വിജ്ഞാപനം നിയമസഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കി. കഴിഞ്ഞ ദിവസമാണ് ശ്രീ ആന്റണി രാജുവിന് നെടുമങ്ങാട് ഫസ്റ്റ് ക്ലാസ് മെജിസ്ട്രേറ്റ് കോടതി മൂന്ന് വർഷം തടവുശിക്ഷ വിധിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ലിഫ്റ്റിൽ 42 മണിക്കൂർ രോഗി കുടുങ്ങിയ സംഭവത്തിൽ അഞ്ച് ലക്ഷം രൂപ സർക്കാർ നഷ്ടപരിഹാരം നൽകാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. പോങ്ങുംമൂട് സ്വദേശി രവീന്ദ്രൻ നായർക്ക് രണ്ടുമാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകണം. ശേഷം

RNU TVPM

പ്രസ്തുത തുക ഉത്തരവാദികളിൽ നിന്നും നിയമാനുസൃതം ഈടാക്കാമെന്നും കമ്മിഷൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## ദേശീയപാത 66 (ഇൻട്രോ)

ദേശീയപാത 66 ന്റെ കണ്ണൂർ ജില്ലയിലെ രണ്ട് റീച്ചുകളുടെയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പൂർത്തിയായ ഭാഗങ്ങൾ പലയിടത്തും ഗതാഗതത്തിന് തുറന്നു കൊടുത്തു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## കോഴിക്കോട് അമീബിക്

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലായിരുന്ന വയോധികൻ മരിച്ചു. പുതിയങ്ങാടി സ്വദേശി സച്ചിദാനന്ദനാണ് മരിച്ചത്. ഇന്നലെ തിരുവനന്തപുരത്തും രോഗം ബാധിച്ച് വെങ്ങാനൂർ സ്വദേശിയായ ഒരാൾ മരിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## അനൗൺസ് മെൻറ്

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ ഏഴു ദശാബ്ദങ്ങളിലെ വിദ്യാഭ്യാസ പുരോഗതി എന്ന വിഷയത്തിൽ നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ കേരള കേന്ദ്ര സർവകലാശാല മുൻ പ്രൊ - വൈസ് ചാൻസലർ ഡോ. കെ ജയപ്രസാദ് സംസാരിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## അപേക്ഷ ക്ഷണിക്കുന്നു

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസ ക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in (under Vacancies category), prasar bharati.gov.in/pbvacancies/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

☸☸☸☸☸☸☸☸☸☸☸☸☸

## ക്രിക്കറ്റ്

ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് 246 റൺസ് വിജയലക്ഷ്യം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 11 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 103 റൺസ് എന്ന നിലയിലാണ്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ആട്ടവിളക്ക് തെളിഞ്ഞു-പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട ജില്ലാ കഥകളി ക്ലബിന്റെ നേതൃത്വത്തിൽ അയിരൂർ ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്ത് 19-ാമത് കഥകളി മേളയ്ക്ക് ആട്ടവിളക്ക് തെളിഞ്ഞു. ചലചിത്ര സംവിധായകൻ ബ്ലസി മേളയുടെ ഉദ്ഘാടനം നിർവഹിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## ചെറുകോൽപുഴ

114-ാം മത് അയിരൂർ - ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിന് വേദി ഒരുക്കുന്ന പമ്പാ മണൽപുറത്ത് ശ്രീ വിദ്യാധിരാജ നഗറിൽ പന്തൽ നിർമ്മാണത്തിൻറെ കാൽനാട്ടു കർമ്മം ഹിന്ദുമത

മഹാമണ്ഡലം വൈസ് പ്രസിഡൻറ് കെ ഹരിദാസ് നിർവഹിച്ചു. 131-ാമത് മാരാമൺ കൺവൻഷൻറെ പന്തൽ കാൽനാട്ട് മാരാമൺ മണൽപ്പുറത്ത് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവഹിച്ചു.

---

## ഓഹരി-സ്വർണ്ണം

ഓഹരി വിപണികളിൽ നഷ്ടം. സെൻസെസ് 322 പോയിന്റ് താഴ്ന്ന് 85,440 ലും, നിഫ്റ്റി 78 പോയിന്റ് താഴ്ന്ന് 26,250 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഇന്ന് മൂന്ന് തവണ വർദ്ധിച്ചു. പവന് ഒരു ലക്ഷത്തി ആയിരത്തി മുന്നൂറ്റി അറുപതു രൂപയാണ് ഇന്നത്തെ വില. ഈ മാസത്തെ ഏറ്റവും ഉയർന്ന വിലയാണ് ഇത്.

---

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിന് ഈ മാസം 20-ന് തുടക്കമാകും. 33 ദിവസത്തെ നിയമസഭാ സമ്മേളനം മാർച്ച് 26 വരെ മൂന്ന് ഘട്ടമായാണ് നടക്കുന്നത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ സഭാ സമ്മേളനത്തിന് തുടക്കമാകും. ഈ മാസം 29 ന് 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കും.

PNUTVPM

---

## നിയമസഭ പുസ്തകോത്സവം

രാജ്യാന്തരശ്രദ്ധയാകർഷിച്ച കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന് മറ്റെന്നാൾ തുടക്കമാകും. നിയമസഭയിലെ ആർ ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. 180 പ്രസാധകർ പങ്കെടുക്കുന്ന പുസ്തകോത്സവത്തിൽ 300 സ്റ്റാളുകളാണ് ഉള്ളത്. ഈ മാസം13 വരെയാണ് മേള.

❁❁❁❁❁❁❁❁❁❁❁❁❁

## വിദ്യാർത്ഥികൾക്ക് മൃഗശാല പ്രവേശനം സൗജന്യം

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് പങ്കെടുക്കാൻ എത്തുന്ന വിദ്യാർത്ഥികൾക്ക് മറ്റന്നാൾ മുതൽ ഈ മാസം 13 വരെ തിരുവനന്തപുരം മൃഗശാലയും മ്യൂസിയങ്ങളും സൗജന്യമായി സന്ദർശിക്കാം. പുസ്തകോത്സവത്തിൻറെ ഭാഗമായി ഈമാസം 12 ന് മൃഗശാലയും മ്യൂസിയങ്ങളും തുറന്നു പ്രവർത്തിക്കുമെന്ന് മ്യൂസിയം മൃഗശാല ഡയറക്ടർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## സിദ്ധ ദിനം- വീണാ ജോ ർജ്

സംസ്ഥാന ആയുഷ് വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ കേരള എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഒമ്പതാമത് സിദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിക്കും. 'ലോകാരോഗ്യത്തിന് സിദ്ധ വൈദ്യശാസ്ത്രം' എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ സിദ്ധ ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി വിപുലമായ സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഹരിപ്പാട് കേസ്

ഡയാലിസിസ് ചെയ്ത രണ്ട് രോഗികൾ മരിച്ച സംഭവത്തിൽ ആലപ്പുഴ ഹരിപ്പാട് താലൂക്ക് ആശുപത്രിക്കെതിരെ പോലീസ് കേസ് എടുത്തു. ആശുപത്രി അധികൃതരുടെ ചികിത്സാപിഴവ് ചൂണ്ടിക്കാട്ടിയാണ് കേസ്. പുതിയ മെഡിക്കൽ ബോർഡ് രൂപീകരിച്ച് അന്വേഷണം നടത്തണമെന്നും പൊലീസ് ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## പി എം എ സലാം

കോൺഗ്രസുമായി ഉഭയകക്ഷി ചർച്ച നടത്തുമെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം. സീറ്റുകളുടെ എണ്ണം സംബന്ധിച്ചും വെച്ചു മാറ്റം സംബന്ധിച്ചും ചർച്ചനടത്തുമെന്നും മുസ്‌ലിംലീഗ് സംസ്ഥാന പ്രവർത്തക സമിതിക് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. വിജയ സാധ്യതകൾ പരിഗണിച്ചാകും സ്ഥാനാർഥി നിർണ്ണയമെന്നും ശ്രീ PMA സലാം വ്യക്തമാക്കി

## പുന്നപ്ര അപ്പച്ചൻ

നടൻ പുന്നപ്ര അപ്പച്ചൻ അന്തരിച്ചു. മലയാളം, ഹിന്ദി, തമിഴ് ഭാഷകളിലായി ആയിരത്തിലേറെ സിനിമകളിൽ വേഷമിട്ടിട്ടുണ്ട്. അനുഭവങ്ങൾ പാളിച്ചകൾ, അനന്തരം, ഞാൻ ഗന്ധർവൻ, മതിലുകൾ, തുടങ്ങി ഒട്ടേറെ സിനിമകളിൽ വേഷമിട്ടു.

RNI TVPM